**K23U 3557**

Reg. No.: ...............................

Name : ...................................

**III Semester B.A./B.Sc. Degree (C.B.C.S.S.-O.B.E. – Regular/ Supplementary/Improvement) Examination, November 2023**
**(2019 to 2022 Admissions)**
**ADDITIONAL COMMON COURSE IN MALAYALAM**
**3A09 MAL : ഗദ്യസാഹിത്യം**

Time : 3 Hours Max. Marks : 40

I. **300** വാക്കിൽ കവിയാതെ ഏതെങ്കിലും **രണ്ടു** ചോദ്യത്തിന് ഉത്തരമെഴുതുക.

1) സഞ്ചാര സാഹിത്യത്തിലെ അദ്വിതീയനാണ് എസ്. കെ. പൊറ്റക്കാട് – ക്ലിയോപാട്രയുടെ നാട്ടിൽ മുൻനിർത്തി പരിശോധിക്കുക.

2) സവിശേഷമായ സ്നേഹബന്ധങ്ങളുടെ ഊഷ്മളമായ ഓർമ്മകളിലൂടെയാണ് നീർമാതളം പൂത്തകാലം കടന്നുപോകുന്നത് – വിശദീകരിക്കുക.

3) മലബാറിലെ അടിയാള സമുദായങ്ങൾ നേരിട്ട ദുരിതപൂർണ്ണമായ ജീവിതാനുഭവങ്ങളുടെ നേർക്കാഴ്ചയാണ് – അടിയാറു ടീച്ചറുടെ അനുഭവങ്ങൾ – വിശദമാക്കുക.

4) കൊഴിഞ്ഞ ഇലകളിൽ ജോസഫ് മുണ്ടശ്ശേരി വിവരിക്കുന്ന അനുഭവങ്ങളുടെ സവിശേഷതകൾ എന്തെല്ലാമാണ് ? **(2×7=14)**

II. **ഓരോന്നും150** വാക്കിൽ കവിയാതെ ഏതെങ്കിലും **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക.

5) സി. വി. ബാലകൃഷ്ണൻ രാംകിങ്കർ എന്ന കലാകാരനെ വിലയിരുത്തുന്നത് ഏതു വിധത്തിലാണ് ?

6) അനുഭവത്തേക്കാൾ വലുത് അന്നം തന്നെ – ഇരുന്നുണ്ട ഓണം – സൂചിതം വിശദീകരിക്കുക.

P.T.O.

7) മൂന്ന് മുഖങ്ങളുണ്ട് മുണ്ടശ്ശേരിയുടെ കർമ്മലോകത്തിന്. വിദ്യാഭ്യാസം, രാഷ്ട്രീയം, സാഹിത്യവിമർശനം. മൂന്നിലും ഒരുപോലെ തിളങ്ങാൻ അദ്ദേഹത്തിന് സാധിച്ചു – വിലയിരുത്തുക.

8) വ്യതിരിക്തമായ സ്മരണകളാൽ ശ്രദ്ധേയമാണ് ചിദംബരസ്മരണ – വിശദീകരിക്കുക.

9) ആഘോഷിക്കപ്പെടാതെ പോയ ഒരു സപ്തതിയുടെ ഓർമ്മയ്ക്ക് എന്ന ഭാഗത്തു പി. ഗീത മുന്നോട്ടു വെയ്ക്കുന്ന നിരീക്ഷണങ്ങൾ എന്തെല്ലാം ?

10) 'സവിശേഷ ബന്ധമായിരുന്നു ശ്രീനാരായണഗുരുവും കുമാരനാശാനും തമ്മിലുള്ളത് '– വിലയിരുത്തുക. **(4×3=12)**

III. ഏതെങ്കിലും **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക. **ഓരോന്നും 100** വാക്കിൽ കവിയരുത്.

11) ഹോസ്റ്റൽ ജീവിതം ഓർത്തെടുക്കുമ്പോൾ സുലോചന ടീച്ചർക്ക് തെളിഞ്ഞു വരുന്ന കാര്യങ്ങൾ എന്തൊക്കെ ?

12) കുമാരനാശാനിലേക്ക് ഡോ. പൽപുവിനെ ആകർഷിച്ച ഘടകങ്ങൾ എന്തൊക്കെ?

13) മേഘാച്ഛാദിതമായ നക്ഷത്രം – എന്നതുകൊണ്ട് സൂചിപ്പിക്കുന്നത് എന്ത് ?

14) കുമാരനാശാൻ രചിച്ച നാടകങ്ങൾ ഏതൊക്കെയാണ് ?

15) ആത്മകഥ – ജീവചരിത്രം – കേട്ടെഴുത്ത് – വിശദീകരിക്കുക.

16) ക്ലിയോപാട്രയെ എസ്. കെ. പൊറ്റക്കാട് അടയാളപ്പെടുത്തുന്നത് ഏതു വിധത്തിൽ ? **(4×2=8)**

IV. ഏതെങ്കിലും **നാലെണ്ണ**ത്തിന് ചെറുകുറിപ്പുകൾ തയ്യാറാക്കുക.

17) സഞ്ചാരസാഹിത്യം

18) രാജലക്ഷ്മി

19) ശ്രീനാരായണഗുരു

20) പോംപി സ്തംഭം

21) താഹ മാടായി

22) ശാന്തിനികേതൻ. **(4×1½=6)**

---